# പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 689 — 19.03.2013 ൽ മറുപടിക്ക്

**കാസർഗോഡ് ജില്ലയെ ഇ-ഡിസ്ട്രിക്ട് ആക്കി മാറ്റുന്ന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ബി. അബ്ദുൾ റസാക് | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) | |
| (എ) | കാസർ ഗോഡ് ജില്ലയെ ഇ-ഡിസ്ട്രിക്ട് ആക്കി മാറ്റുന്ന പദ്ധതിയുടെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; | (എ) | കാസർഗോഡ് ജില്ലയെ ഇ-ഡിസ്ട്രിക്ട് ആക്കി മാറ്റുന്നതിനാവശ്യമായ നടപടിക്രമങ്ങളുടെ പൂർത്തീകരണം അന്തിമ ഘട്ടത്തിലാണ്. ജില്ലയിലെ എല്ലാ വില്ലേജ്, താലൂക്ക് ഓഫീസർമാർക്കും അക്ഷയ സംരംഭകർക്കും ഇ-ഡിസ്ട്രിക്ട് സോഫ്റ്റ്‌വെയറിൽ പരിശീലനം നൽകികഴിഞ്ഞു. ഈ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ട ഹാർഡ് വെയർ (ലാപ്ടോപ്പുകൾ) ജില്ലയിൽ നൽകിക്കഴിഞ്ഞു. ഈ പദ്ധതിയുടെ ഭാഗമായി ജില്ലയിലെ ബന്ധപ്പെട്ട വില്ലേജ് ഓഫീസർ, അഡീഷണൽ വില്ലേജ് ഓഫീസർ, താലൂക്ക് ഓഫീസർ, അഡീഷണൽ താലൂക്ക് ഓഫീസർ എന്നിവർക്ക് ഡിജിറ്റൽ സിഗ്നേച്ചർ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | നിലവിൽ ഏതൊക്കെ ജില്ലകളിലാണ് ഈ പദ്ധതി ആരംഭിച്ചിട്ടുള്ളത് ; | (ബി) | കണ്ണൂർ, പാലക്കാട്, പത്തനംതിട്ട, കോട്ടയം, മലപ്പുറം ഇടുക്കി, ആലപ്പുഴ, എറണാകുളം, വയനാട് എന്നീ ജില്ലകളിൽ വിജയകരമായി നടപ്പിലാക്കിവരുന്നു. |
| (സി) | കാസർ ഗോഡ് ജില്ലയിൽ ഈ സേവനം എന്ന് മുതൽ ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ ? | (സി) | 2013 മാർച്ച് 31 ന് മുമ്പായി ഈ പദ്ധതി കാസർഗോഡ് ജില്ല ഉൾപ്പെടെ കേരളത്തിലെ മറ്റു ജില്ലകളിൽകൂടി നടപ്പിലാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (ഡി) | ഇ-ഡിസ്ട്രിക്ട് പദ്ധതി അക്ഷയ പ്രോജക്ടുമായി സഹകരിച്ച് നടപ്പാക്കുമോ? | (ഡി) | ഇ-ഡിസ്ട്രിക്ട് പദ്ധതി കേരളത്തിൽ പൊതുജനസേവന കേന്ദ്രമായ അക്ഷയ കേന്ദ്രങ്ങൾ വഴിയാണ് ഇപ്പോൾ നടപ്പിലാക്കിവരുന്നത്. |

സെക്ഷൻ ഓഫീസർ